**ഭരണഭാഷ – മാതൃഭാഷ**

നം. C6/3023/2016/Coll.Edn.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം–33.
ഫോൺ : 0471–2303107
തീയതി : 29.01.2016.

## സർക്കുലർ

വിഷയം:– കോളേജ് വിദ്യാഭ്യാസ വകുപ്പ് – ഐ.എം.ജി. ട്രെയിനിംഗ് – ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി നാമനിർദ്ദേശം – സംബന്ധിച്ച്.

സൂചന:– ഐ.എം.ജി.യുടെ 20.01.2016 ലെ 586/P3/2016/ഐ.എം.ജി. നമ്പർ കത്ത്.

------

ഭരണഭാഷാ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഐ.എം.ജി.യിൽ വച്ച് നടത്തുന്ന ക്ലാസ് 3 ജീവനക്കാർക്ക് വേണ്ടിയുള്ള 5 ദിവസത്തെ ഔദ്യോഗിക ഭാഷാ പരിശീലന പരിപാടികൾക്ക് നാമനിർദ്ദേശം സൂചന പ്രകാരം ഐ.എം.ജി. ഡയറക്ടർ ക്ഷണിച്ചിരിക്കുന്നു. ഈ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്ഥാപനമേധാവികൾ ഇതുവരെ ഔദ്യോഗിക ഭാഷാ പരിശീലനം ലഭിച്ചിട്ടില്ലാത്ത ക്ലാസ് 3 ജീവനക്കാരുടെ പേരുവിവരം ഫോൺനമ്പർ സഹിതം ഐ.എം.ജി. ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതിന് നിർദ്ദേശം നൽകുന്നു.

നാമനിർദ്ദേശം അയയ്ക്കേണ്ട വിലാസം

ഡയറക്ടർ ജനറൽ
ഐ.എം.ജി.,
വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം – 33

നാമനിർദ്ദേശം 01.03.2016-ന് മുമ്പ് ഐ.എം.ജി.യിൽ ലഭിയ്ക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

ഒപ്പ്/–
വിലാസചന്ദ്രൻനായർ വി.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

/അംഗീകാരത്തോടെ/



സൂപ്രണ്ട്

പകർപ്പ്: 1. ബന്ധപ്പെട്ട സ്ഥാപാനമേധാവികൾക്ക്
2. നടപ്പു/കരുതൽ ഫയൽ

*TP /R– 29.01.2016.*